(ജി) സർക്കാർ കമ്പനിക്കു സൗജന്യ നിരക്കിൽ നൽകിയ 131446 മെ. ടൺ അസംസ്കൃത പദാർത്ഥങ്ങളുടെ അന്നത്തെ കമ്പോളവില (സെല്ലിങ് പ്രൈസ് ആക്റ്റ് പ്രകാരമുള്ള വില) (നികുതി ഒഴികെ) 12,21,31,010 രൂപയായാണ് കണക്കാക്കിയിരിക്കുന്നത്.

(എച്ച്) കമ്പനിയുമായുള്ള കരാർ നടപ്പാക്കുന്നതിന്റെ ഭാഗമായിട്ടാണ് കമ്പനിയിൽ നിന്നും സർക്കാർ നഷ്ടം ഈടാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നത്. എന്നാൽ ഈ വിഷയത്തിൽ 2002 ജൂലായ് മാസത്തിൽ ചില പത്രങ്ങളിൽ വന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്പോർട്സ് വികസനം

115 (1171) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്പോർട്സ് വികസനത്തിന് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ ;

(സി) കാസർഗോഡ് ജില്ലയിൽ സ്പോർട്സ് വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് ഗവൺമെന്റ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതികൾ എന്നത്തേയ്ക്ക് നടപ്പാക്കാൻ കഴിയും എന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് കായിക വികസനം ലക്ഷ്യമാക്കി വിവിധ പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി ജില്ലാടിസ്ഥാനത്തിലും ലോകസഭ അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിലും കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. താഴെ പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്. 50% കേന്ദ്ര ധനസഹായ പദ്ധതി വിഹിതം, എം. പി. മാരുടേയും എം. എൽ.എ. മാരുടേയും വികസന ഫണ്ട്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം, കേരള സ്പോർട്സ് കൗൺസിൽ ഫണ്ട് എന്നിവ ഉപയോഗിച്ച് പാർലമെന്ററി/ അസംബ്ലി നിയോജക മണ്ഡലങ്ങൾ, താലൂക്ക് ജില്ലാ ആസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ, അതാത് സ്ഥലങ്ങളിൽ പ്രചാരമേറിയ കായികയിനത്തിന് മെച്ചപ്പെട്ട പരിശീലനം ലഭ്യമാക്കത്തക്ക തരത്തിൽ വിവിധ കളിയിനങ്ങൾക്കായി കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനും പുറമെ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഒരു സ്റ്റേഡിയം എന്ന കണക്കിന് കളിസ്ഥലങ്ങൾ നിർമ്മിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഗ്രാമീണ

LIBRARY ARCHIVES Kerala Legislative Assembly

മേഖലയിലെ സർക്കാർ സ്കൂളുകളിൽ നിലവിലുള്ള കളിസ്ഥലം മെച്ചപ്പെടുത്താനും കായിക ഉപകരണങ്ങൾ വാങ്ങാനുമായി ഒന്നരലക്ഷം രൂപ ഗ്രാന്റ് ലഭിക്കാവുന്ന ഒരു കേന്ദ്ര പദ്ധതിയും നടപ്പിലാക്കി വരുന്നു. കേരള സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ ഇടുക്കിയിലെ മൂന്നാർ, തിരുവനന്തപുരത്തെ ആറ്റിങ്ങൽ എന്നിവിടങ്ങളിൽ ജില്ലാ സ്പോർട്സ് കോംപ്ലക്സുകൾ സ്ഥാപിക്കാനും തിരുവനന്തപുരത്ത് മുരുക്കുമ്പുഴയിൽ ഒരു വാട്ടർ സ്പോർട്സ് അക്കാഡമി സ്ഥാപിക്കാനും ഉദ്ദേശിക്കുന്നുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ ഒരു മുനിസിപ്പൽ സ്റ്റേഡിയം കോംപ്ലക്സ് നിർമ്മിക്കുന്നതിനുവേണ്ടി നടപ്പു വർഷത്തെ ബഡ്ജറ്റിൽ 20 ലക്ഷം രൂപ വകയിരുത്തിയതായി ഈ വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) പ്രോജക്റ്റ് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അംഗീകാരം നൽകാവുന്നതും തുക അനുവദിക്കുന്നതിനനുസരിച്ച് പദ്ധതി നടപ്പിലാക്കാവുന്നതുമാണ്.

കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന്റെ ശോചനീയാവസ്ഥ

116 (1172) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ സ്പോർട്സ് ഹോസ്റ്റലിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ടി ഹോസ്റ്റലിലെ ഒരു വിദ്യാർത്ഥിയുടെ ആഹാരത്തിനായി സർക്കാർ എത്ര തുക ചെലവാക്കുന്നുണ്ട് ;

(ഡി) മറ്റു ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർത്ഥികൾക്കായി സർക്കാർ ചെലവാക്കുന്ന തുകയേക്കാൾ കൂടുതലാണ് ടി തുകയെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഇ) ഭക്ഷണ സാധനങ്ങൾ വിതരണം ചെയ്യുന്നവർക്ക് കുടിശ്ശിക നൽകാനുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(എഫ്) കുടിശ്ശിക നൽകാത്തതു കാരണം പാൽ മുതലായ ആഹാര സാധനങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ ;

(ജി) പ്രസ്തുത ഹോസ്റ്റലിൽ നിലവിൽ സ്ഥിരമായി വാർഡനുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ വാർഡനെ നിയമിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly